**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ 2012 - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. **189**/2012/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 17.01.2012.

===

പരാമർശം:- ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 3.12.2012-ലെ
യു.ഐ.പി1-95138/2011/ആ.വ.ഡ. നമ്പർ കത്ത്.

**ഉത്തരവ്**

2012 ഫെബ്രുവരി 19, ഏപ്രിൽ 1 എന്നീ തീയതികളിൽ നടത്താൻ നിശ്ചയിച്ചിട്ടുള്ള പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിന് ഗ്രാമ പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ മുതലായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം അനുവദിക്കണമെന്നും ഗ്രാമ പഞ്ചായത്തിനുള്ള ധനസഹായം പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ആഫീസർക്കും, മുൻസിപ്പാലിറ്റി - കോർപ്പറേഷനുകൾക്കുള്ള ധനസഹായം ബന്ധപ്പെട്ട താലൂക്ക് / ജനറൽ ആശുപത്രി സൂപ്രണ്ടുമാർക്ക് നേരിട്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നുമാണ് പരാമർശം വഴി ആവശ്യപ്പെട്ടിരുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 19.02.2012, 01.04.2012 എന്നീ തീയതികളിൽ നടക്കുന്ന രണ്ട് ഘട്ട പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിന് **ഗ്രാമ പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും 5000/- (അയ്യായിരം രൂപ മാത്രം) രൂപ വീതവും മുൻസിപ്പാലിറ്റികൾ 10,000/- (പതിനായിരം രൂപ മാത്രം) രൂപ വീതവും കോർപ്പറേഷനുകൾ 15,000/- (പതിനയ്യായിരം രൂപ മാത്രം) രൂപ വീതവും** അവരുടെ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ബന്ധപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ / താലൂക്ക് / ജില്ല / ജനറൽ ആശുപത്രി സൂപ്രണ്ടുമാർക്കും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ജമുന,
അഡിഷണൽ സെക്രട്ടറി.

ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പകർപ്പ് എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്).
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ കോർപ്പറേഷനുകൾക്കും മുൻസിപ്പാലിറ്റികൾക്കും നൽകേണ്ടതാണ്.)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ഓഫീസർ, കൊല്ലം / കൊച്ചി / കോഴിക്കോട്.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.
ഇൻഫർമേഷൻ കേരള മിഷൻ (LSGD വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.